# പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം
നമ്പർ : 1541

11.2.2013-ൽ മറുപടിക്ക്

## ആർ.കെ.വി.വൈ പദ്ധതിയുമായി ബന്ധപ്പെടുത്തി കാലിത്തീറ്റ സബ്സിഡി

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.വി.ശശി. | | ശ്രീ. കെ.സി. ജോസഫ്. (ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പ് മന്ത്രി) |
| (എ) കേരളത്തിലെ ക്ഷീരകർഷകർക്ക് ആവശ്യമായ കാലിത്തീറ്റ എത്രയാണെന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം ഇനങ്ങളിൽ; എത്ര വീതം; വെളിപ്പെടുത്തുമോ ; | (എ) | കേരളത്തിലെ 18 ലക്ഷത്തോളം വരുന്ന കന്നുകാലികളെ 15 ലക്ഷം adult unit കളായി കണക്കാക്കിയാൽ ശരാശരി 250 kg ശരീരഭാരവും 7 ലിറ്റർ പാലുല്പാദനവുമുള്ള ഒരു പശുവിന് പ്രതിദിനം വേണ്ട 25 കിലോ പച്ചപ്പുല്ല് 3 kg കാലിത്തീറ്റ മിശ്രിതം, 5 kg വയ്ക്കോൽ എന്ന നിരക്കിൽ 15 ലക്ഷം യൂണിറ്റിന് 37500 ടൺ പച്ചപ്പുല്ല്, 4500 ടൺ കാലിത്തീറ്റ, 7500 ടൺ വയ്ക്കോൽ എന്നിവ പ്രതിദിനം വേണമെന്ന് കണക്കാക്കുന്നു. |
| (ബി) ക്ഷീര കർഷകർക്ക് കാലിത്തീറ്റ സബ്സിഡി നൽകുന്ന പദ്ധതി എന്നുമുതൽ ആരംഭിച്ചുവെന്ന് വ്യക്തമാക്കുമോ ; ഈ ഇനത്തിൽ 2009-2010 മുതൽ 2012-2013 വരെ ഓരോ വർഷവും എന്ത് തുക സബ്സിഡി ഇനത്തിൽ നൽകി; ഇതു നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെ; സബ്സിഡി തുക എത്ര; വ്യക്തമാക്കാമോ; | (ബി) | സംസ്ഥാന പദ്ധതിയിലുൾപ്പെടുത്തി 2009-10 മുതൽ ക്ഷീരവികസനവകുപ്പ് കാലിത്തീറ്റ സബ്സിഡി പദ്ധതി ആരംഭിച്ചു. 2009-2010 മുതൽ നൽകിയ സബ്സിഡി വിവരം താഴെ കൊടുക്കുന്നു.<br>2009-2010 - 275 ലക്ഷം<br>2010-2011 - 450 ലക്ഷം<br>2011-2012 - 600 ലക്ഷം<br>2012-2013 - 600 ലക്ഷം<br>കർഷകർ ക്ഷീരസംഘത്തിൽ അളക്കുന്ന പാലിന് ആനുപാതികമായാണ് കാലിത്തീറ്റ സബ്സിഡി അനുവദിക്കുന്നത്. ആയത് ക്ഷീര സംഘത്തിൽ നിന്ന് വാങ്ങുന്ന കാലിത്തീറ്റയുടെ വിലയിൽ സബ്സിഡിയായി നൽകുന്നു. 2009-10 ൽ സംഘത്തിൽ കർഷകൻ അളന്ന ഓരോ ലിറ്റർ പാലിനും 20 പൈസ നിരക്കിൽ സബ്സിഡിയായി (വാങ്ങുന്ന ഓരോ കിലോ കാലിത്തീറ്റയ്ക്കും 50 പൈസ നിരക്കിൽ സബ്സിഡി) നൽകിയിരുന്നു. |

2010-11 ൽ സബ്സിഡി 20 പൈസയിൽ നിന്ന് 40 പൈസയായി വർദ്ധിപ്പിച്ച് ഒരു കിലോ കാലിത്തീറ്റയുടെ വിലയിൽ ഒരു രൂപ സബ്സിഡിയായി നൽകി.

ഇത് 2011-12 ൽ ഒരു ലിറ്റർ പാലിന് 80 പൈസ നിരക്കിൽ വർദ്ധിപ്പിച്ച്, വാങ്ങുന്ന ഓരോ കിലോ കാലിത്തീറ്റയ്ക്കും 2 രൂപ നിരക്കിൽ സബ്സിഡി നൽകി. 2012-13 ൽ ഇതേ സബ്സിഡി തുടരുന്നു. കൂടാതെ മിൽമയുടെ മേഖലാ യൂണിയനുകളും കാലിത്തീറ്റ സബ്സിഡി നൽകിവരുന്നുണ്ട്. തിരുവനന്തപുരം മേഖലാ യൂണിയൻ 1.11.12 മുതൽ ചാക്കൊന്നിന് 200 രൂപയും 1.1.13 മുതൽ 300 രൂപയും മലബാർ യൂണിയൻ 200 രൂപയും, എറണാകുളം യൂണിയൻ ഓരോ ലിറ്റർ പാലിന് രണ്ടു രൂപ വീതവും നൽകുന്നുണ്ട്.

സംസ്ഥാന വിഹിതം കൂടാതെ ടി വർഷങ്ങളിൽ ആർ.കെ.വി.വൈ പദ്ധതി പ്രകാരവും കാലിത്തീറ്റ സബ്സിഡി ചുവടെ പറയും പ്രകാരം നൽകിയിട്ടുണ്ട്.

| | |
|---|---|
| 2009-10 | - 172.57 ലക്ഷം. |
| 2010-11 | - NIL |
| 2011-12 | - 1181.87 ലക്ഷം |
| 2012-13 | - NIL |

(സി) ആർ.കെ.വി.വൈ പദ്ധതിയുമായി ബന്ധപ്പെടുത്തി കാലിത്തീറ്റ സബ്സിഡി പദ്ധതിക്ക് കൂടുതൽ തുക ലഭ്യമാക്കുമെന്ന 2012-13 ലെ പ്രഖ്യാപനം നടപ്പാക്കിയിട്ടുണ്ടോ; എങ്കിൽ എത്ര തുക ലഭ്യമാക്കി വെളിപ്പെടുത്തുമോ ?

(സി) 2012-13 ൽ ആർ.കെ.വി.വൈ പദ്ധതി പ്രകാരം കാലിത്തീറ്റ സബ്സിഡിക്ക് അംഗീകാരം ലഭിച്ചിട്ടില്ല. 2011-12 ൽ ആകെ 11.83 കോടി രൂപ കാലിത്തീറ്റ സബ്സിഡിയായി ആർ.കെ.വി.വൈ പദ്ധതി പ്രകാരം അനുമതി ലഭിച്ചിരുന്നു. ടി തുക 2012-13 ൽ ലഭിച്ചത് ഇപ്പോൾ കർഷകർക്ക് നൽകി വരുന്നു.

സെക്ഷൻ ഓഫീസർ